# ‘ഭയപ്പെടേണ്ട’

## യെശയ്യാവു 43:1

‘‘ഇപ്പോഴോ യാക്കോബേ, നിന്നെ സൃഷ്ടിച്ചവനും, യിസ്രായേലേ, നിന്നെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു; ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നെ.’’

യിസ്രയേൽ ദൈവം തിരഞ്ഞെടുത്ത ജനമാണ്. അഖിലാണ്ഡത്തിന്റെയും സ്രഷ്ടാവായ ദൈവമാണ് യിസ്രായേലിനോടു ‘‘ഭയപ്പെടേണ്ട’’ എന്നരുളിച്ചെയ്യുന്നത് ദൈവം യിസ്രയേലിനെ പല പേരുകളിൽ വിളിച്ചിരിക്കുന്നു. ‘‘വീടുക്കപ്പെട്ടവൻ, വിളിക്കപ്പെട്ടവൻ, എനിക്കുള്ളവൻ....’’ എത്രയോ ഭാഗ്യകരമായ അവസ്ഥയാണത്! ശക്തനായ ദൈവം നമ്മോട് ഭയപ്പെടേണ്ട..... എന്ന് ആഹ്വാനം ചെയ്യുമ്പോൾ പിന്നെ ഈ ലോകത്തിലെ ഒന്നിനെപ്പറ്റിയും ആകുലപ്പെടാനോ, ഭ്രമിക്കുവാനോ ശ്രമിക്കേണ്ട ആവശ്യമില്ല. മത്തായി 10:31, ഭയപ്പെടേണ്ട ഏറിയ കുരികിലുകളെക്കാളും നിങ്ങൾ വിശേഷതയുള്ളവരല്ലോ എന്നാണ് കർത്താവ് പറയുന്നത്. ദൈവത്തിന്റെ സൃഷ്ടികളിൽവച്ച് ഏറ്റവും ധന്യമായ സ്ഥാനമാണ് ദൈവം മനുഷ്യന് നൽകിയിരിക്കുന്നത്. അങ്ങനെയെങ്കിൽ ദൈവം അറിയാതെ ഒന്നും നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നില്ല. എന്നാൽ പലപ്പോഴും മനുഷ്യന്റെ പല ബലഹീനതകളും, വിശ്വാസത്തിൽ സ്ഥിരതയില്ലായ്മയും മൂലം നാം ആകുലതകൾക്ക് സ്ഥാനം കൊടുക്കുന്നു. പിന്നെ നമ്മുടെ നിയന്ത്രണം ദൈവാത്മാവിൽനിന്ന് മാറിപോകുന്നു. എന്നാൽ ഒരു ദൈവപൈതൽ എപ്പോഴും ഹൃദയത്തിൽ ബലപ്പെടേണ്ട കുറിവാക്യമാണ് ഇന്നത്തേത്. ദൈവം എത്ര കരുതലോടെയാണ് മക്കളായ നമ്മോട് ‘‘ഭയപ്പെടേണ്ട, ഭ്രമിച്ചുനോക്കേണ്ട, ഞാൻ നിന്റെ ദൈവമാണ്, ഞാൻ നിന്നെ പരിപാലിക്കും. (യെശയ്യാവു. 54:4) എന്ന് അരുളിച്ചെയ്യുന്നത്. വചനത്തിലുടനീളം നമുക്ക് ഈ ആഹ്വാനം കാണാൻ സാധിക്കും. കാർമുകിലിനെപോലെ നമ്മുടെ ലംഘനങ്ങളെയും മേഘത്തെപോലെ നമ്മുടെ പാപത്തെയും മായിച്ചുകളയാൻ കഴിവുള്ളവനാണ് നമ്മുടെ ദൈവം.

ദൈവം ഒരിക്കലും നിബന്ധനകളോടെയല്ല സ്നേഹിക്കുന്നത്. നാം ആയിരിക്കുന്ന അവസ്ഥയിൽ നമ്മെ കരുതുവാനും, സ്നേഹിക്കുവാനും കഴിയുന്നത് ദൈവത്തിനു മാത്രമാണ്. നമ്മെ പാപത്തിന്റെ അന്ധകാരത്തിൽനിന്ന് വീണ്ടെടുത്തു നിത്യജീവന്റെ പ്രകാശത്തിലാക്കി. നമ്മുടെ പാപങ്ങൾക്കുള്ള മറുവിലയായി ആണ് ദൈവം തന്റെ സ്വന്തപുത്രനെ ക്രൂശിൽ യാഗമാക്കിയത്. അതിലും വലിയ എന്തു സ്നേഹമാണുള്ളത്.

ഈ സ്നേഹത്തിന് നാം എപ്പോഴും കടപ്പെട്ടവരാണ്. എന്നാൽ ഈ ലോകത്തിലെ ഒന്നുകൊണ്ടും ഇതിനു പകരമായി കൊടുത്ത് ദൈവത്തെ പ്രീതിപ്പെടുത്താൻ സാധിക്കില്ല. മറിച്ച് ദൈവം നമ്മുടെ രാജാവായി ഹൃദയത്തിൽ വാഴുവാനായി ഹൃദയങ്ങളെ തുറന്നു കൊടുത്ത്, നന്ദിയോടെ ആ സ്നേഹത്തെ ഓർത്ത് നമുക്കവനെ ആരാധിക്കാം. ഈ ലോകത്തിലെ യജമാനൻമാരെ നാം എത്രമാത്രം ആദരവോടെയാണ് സേവിക്കുന്നത്. അങ്ങനെയെങ്കിൽ സ്വർഗ്ഗീയനായ, സർവ്വചരാചരങ്ങൾക്കും അധിപനായ നമ്മുടെ കർത്താവിനെ നാം എത്രമാത്രം നന്ദിയോടെ സേവിക്കണം. ഭയപ്പെടേണ്ട.... എന്ന് നമ്മോട് ആഹ്വാനം ചെയ്യുന്ന നമ്മുടെ ദൈവത്തിന്റെ കരങ്ങളിലേക്ക് നമ്മെ പൂർണ്ണമായും വിട്ടുകൊടുക്കുക. അവനോട് പറ്റിച്ചേർന്നു നിൽക്കുന്ന ആരേയും അവൻ തള്ളിക്കളയുകയില്ല. ദൈവം നമ്മുടെ കൂടെയുണ്ടെങ്കിലേ നമുക്ക് ഈ ലോകത്തിലെ ഒരു ശക്തിയേയും ഭയക്കാതെ ജീവിക്കാൻ സാധിക്കൂ. ദൈവത്തിലാശ്രയിച്ച് ദൈവിക സമാധാനം അനുഭവിച്ച് നമുക്ക് വിജയകരമായി ജീവിതം നയിക്കാം. അതിനുവേണ്ടി നിരന്തരം പ്രാർത്ഥനയിലും, ദൈവവുമായി വ്യക്തിപരമായ ബന്ധത്തിലും കൂടുതൽ സമയം ചിലവഴിക്കാം. അത് ഒരിക്കലും ജീവിതത്തിൽ വൃഥാവാകില്ല. പകരം ദൈവം അത് മാനിക്കുകയും നമ്മെ അവനോട് ചേർക്കുകയും ചെയ്യും.

പരാമർശം :

സങ്കീർത്തനങ്ങൾ 118:6

യഹോവ എന്റെ പക്ഷത്തുണ്ടു; ഞാൻ പേടിക്കയില്ല; മനുഷ്യൻ എന്നോടു എന്തു ചെയ്യും?

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 006**